**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നം. 5005** **27.06.2019 ൽ മറുപടിയ്ക്ക്**

## ഗ്രാമവികസന വകുപ്പിലെ ലക്ചറർ ഗ്രേഡ്-1 തസ്തികയുടെ നോട്ടിഫിക്കേഷൻ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഗ്രാമവികസന വകുപ്പിലെ ലക്ചറർ ഗ്രേഡ്-I തസ്തികകളുടെ നിയമന അധികാരിയും ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യേണ്ടതും ഏതു വകുപ്പാണ് എന്ന് വ്യക്തമാക്കാമോ; | എ) 22.01.2010-ലെ GO (P) No. 18/2010/LSGD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയാണ് നിയമനാധികാരി. ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. |
| ബി) പ്രസ്തുത ലക്ചറർ ഗ്രേഡ്-I ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് ഏതു വകുപ്പ് ഒഴിവു റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; ഇത് സ്പെഷ്യൽ റൂൾ പ്രകാരമാണോ എന്ന് വ്യക്തമാക്കാമോ;<br><br>സി) സ്പെഷ്യൽ റൂളിന് വിരുദ്ധമായ നടപടികളിലൂടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച പി.എസ്.സി. നടപടി പുനഃപരിശോധിക്കുമോ; | ബി) & സി) 22.01.2010-ലെ GO (P) No. 18/2010/LSGD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. സ്പെഷ്യൽ റൂൾ പ്രകാരമാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. |

ഡി) നോട്ടിഫിക്കേഷനിൽ പറയുന്ന ഒഴിവുകൾക്ക് ശേഷം ഉണ്ടാകുന്ന ഒഴിവുകൾ നികത്തേണ്ടത് ഏതു വിധത്തിലാണ്; ലിസ്റ്റുകളുടെ കാലാവധി എത്ര നാളാണ്; വിശദാംശങ്ങൾ നൽകുമോ ?

ഡി) റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്തു റിപ്പോർട്ട് ചെയ്യുന്ന കൂടുതൽ ഒഴിവുകളിലേക്ക് ടി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ, ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ മുൻ റാങ്ക് ലിസ്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

Anjulal

**സെക്ഷൻ ഓഫീസർ**